MR. P. T. CHACKO : ഇനിയും കൂടുതൽ സ്ഥലം കൃഷിക്കു കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. C. KESAVAN : കഴിവുള്ളിടത്തോളം, കൂടുതൽ സ്ഥലം കൊടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

കടയ്ക്കാവൂർ ഗ്രാമോദ്ധാരണകേന്ദ്രം.

567. MR. MANKUZHI M. MADHAVAN : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രി സദയം മറുപടി നൽകുമോ ?

ചിറയിൻകീഴ്താലൂക്കിൽ കടയ്ക്കാവൂർ ഗ്രാമോദ്ധാരണകേന്ദ്രത്തിൽ ഉൾപ്പെട്ടതും, കായലിനും കടലിനും ഇടയ്ക്കു കിടക്കുന്നതുമായ കായിക്കര, മനേട്ടങ്ങണ്ട എന്നീ കരകളിൽ കുടിക്കാൻ ശുദ്ധജലം കിട്ടാതെ കഷ്ടപ്പെടുന്ന വളരെപ്പേർക്കു ശുദ്ധജലവിതരണം ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിന് ഉദ്ദേശമുണ്ടാകുമോ ?

HON'BLE MR. G. RAMACHNADRAN : അക്കായ്ത്തിൽ ഗവണ്മെന്റ് ചിലതെല്ലാം ചെയ്തിട്ടുണ്ട്. കടയ്ക്കാവൂർ ഗ്രാമോദ്ധാരണകേന്ദ്രത്തിലുൾപ്പെട്ട പ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിനുവേണ്ടി ഇതിനകംതന്നെ ചിലതെല്ലാം ചെയ്തുകഴിഞ്ഞിട്ടുണ്ട്. കൂടുതലായി എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ അതു അനേഷിച്ചു ചെയ്തുവരുന്നതാണ്.

MR. MANKUZHI M. MADHAVAN :— അടുത്തുതന്നെ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. G. RAMACHANDRAN : അനേഷിച്ചു വേണ്ടതു ചെയ്യാമെന്നു പറഞ്ഞുകഴിഞ്ഞു.

Income Tax Department.

568. MR. PAUL THALIATH : Will the Honourable Minister for Income Tax be pleased to state :

(*a*) when the Income Tax Department was first started ;

(*b*) whether a separate Income Tax Department was formed on the recommendations of an expert from outside ;

( ) which department was in charge of Income-tax work before the formation of a Department ;

LIBRARY ARCHIVES Kerala Legislative Assembly